**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1185** **12-06-2024 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കുലശേഖരപുരം മാർക്കറ്റ് ആധുനിക വൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി കുലശേഖരപുരം മാർക്കറ്റ് ആധുനികവൽക്കരണം നടത്തുന്നതിന് ഭരണാനുമതി ലഭിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ; എത്ര തുകയ്ക്കാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ കുലശേഖരപുരം മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 340 ലക്ഷം രൂപയുടെ കിഫ്ബി ധനസഹായത്തിനുള്ള ഉത്തരവ് 15.03.2022-ൽ ലഭ്യമായി. |
| (ബി) | മാർക്കറ്റ് ആധുനിക വൽക്കരണം നടത്തുന്നതിന് സാങ്കേതികാനുമതി ലഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | കുലശേഖരപുരം മാർക്കറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി 22.02.2024-ന് നൽകിയിട്ടുണ്ട്. |
| (സി) | കാലതാമസം വരുത്താതെ എത്രയും വേഗം സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | കുലശേഖരപുരം മാർക്കറ്റ് നിർമ്മാണത്തിന്റെ സാങ്കേതികാനുമതി 22.02.2024 തീയതിയിൽ നൽകി. പാക്കേജ് ഫയൽ അംഗീകാരത്തിനായി 23.02.2024-ന് കിഫ്ബിയിൽ സമർപ്പിച്ചതിൽ ഫയർ പ്രൊട്ടക്ഷൻ പ്രവൃത്തിയുടെ ഡിസൈനിൽ നിർദ്ദേശിച്ച തിരുത്തലുകൾ വരുത്തി സമർപ്പിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. പാക്കേജ് അനുമതി ലഭിച്ച് ഉടൻതന്നെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; കാലതാമസം ഇല്ലാതെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | കിഫ്ബിയുടെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് കരാർ ഉറപ്പിക്കുന്നതിന് 3 മാസത്തെ സമയം പ്രതീക്ഷിക്കുന്നു. തുടർന്ന് നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ